ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 28-12-2025**

## പ്രധാനവാർത്തകൾ

1. ദേശീയ സുരക്ഷ, കായികം, ശാസ്ത്രം എന്നീ മേഖലകളിൽ അഭിമാനകരമായ നേട്ടങ്ങളാണ് ഇന്ത്യ ഈ വർഷം കൈവരിച്ചതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; വികസിത ഭാരതത്തിലേക്കുള്ള യാത്രയിൽ 2026 സുപ്രധാന നാഴികക്കല്ലാകുമെന്നും മൻ കി ബാത്തിൽ പ്രധാനമന്ത്രി.
2. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ നാളെ തിരുവനന്തപുരത്ത് എത്തും.
3. ന്യൂഡൽഹിയിൽ നടക്കുന്ന ചീഫ് സെക്രട്ടറിമാരുടെ അഞ്ചാമത് ദേശീയ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അധ്യക്ഷത വഹിച്ചു.
4. എൺപത്തി നാലാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസ് തലശ്ശേരി ഗവൺമെൻറ് ബ്രണ്ണൻ കോളേജിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.
5. ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ പ്രഭവ കേന്ദ്രത്തിൽ നിന്ന് 10 കിലോമീറ്റർ ചുറ്റളവിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി.
6. ഇന്ത്യ- ശ്രീലങ്ക വനിതാ ട്വൻറി -20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം അല്പസമയത്തിനകം തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കും.

**************

RNU TVPM

## മൻ കി ബാത് -ROUND UP (INTRO)

ദേശീയ സുരക്ഷ, കായികം, ശാസ്ത്രം എന്നീ മേഖലകളിൽ അഭിമാനകരമായ നേട്ടങ്ങളാണ് ഇന്ത്യ ഈ വർഷം കൈവരിച്ചതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിൻറെ 129-ാം പതിപ്പിൽ രാജ്യത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. 2025 ഓരോ ഇന്ത്യക്കാരനും അഭിമാനിക്കാൻ നിരവധി നിമിഷങ്ങൾ നൽകിയെന്ന് പ്രധാനമന്ത്രി പറഞ്ഞു.

ഒരു റിപ്പോർട്ട്..................

(ഹോൾഡ്-വോയ്സ്)

**************

## മൻ കി ബാത് - ROUND UP-VOICE

ഈ വർഷം രാജ്യം കൈവരിച്ച നേട്ടങ്ങൾ എണ്ണിപ്പറഞ്ഞുകൊണ്ടാണ് മൻ കി ബാത്തിൻറെ ഈ മാസത്തെ പതിപ്പിന് പ്രധാനമന്ത്രി തുടക്കമിട്ടത്. 'ഓപ്പറേഷൻ സിന്ദൂർ' ഓരോ ഭാരതീയൻറെയും അഭിമാനത്തിൻറെ പ്രതീകമായി മാറി. വന്ദേമാതരത്തിൻറെ 150-ാം വാർഷികത്തിൽ ആവേശത്തോടെ പങ്കു ചേർന്നതിന് പ്രധാനമന്ത്രി ജനങ്ങളെ അഭിനന്ദിച്ചു. 2025 കായികരംഗത്തും അവിസ്മരണീയമായ ഒരു വർഷമായിരുന്നുവെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ഇന്ത്യൻ പുരുഷ വനിതാ ടീമുകളുടെയും പാരാ അത്ലറ്റുകളുടെയും കിരീട നേട്ടങ്ങളെ പ്രധാനമന്ത്രി എടുത്തു പറഞ്ഞു. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തിയ ആദ്യ ഭാരതീയനായി ശുഭാൻഷു ശുക്ല മാറിയതായി പറഞ്ഞ പ്രധാനമന്ത്രി ശാസ്ത്ര-ബഹിരാകാശ മേഖലയിൽ ഇന്ത്യ വലിയ കുതിച്ചുചാട്ടം നടത്തിയതായും അഭിപ്രായപ്പെട്ടു. വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗ് യുവജനങ്ങളുടെ ജിജ്ഞാസയ്ക്കുള്ള ഉത്തരമാണെന്നും അവരുടെ നവീനാശയങ്ങൾ പങ്കുവയ്ക്കാനുള്ള വേദിയാണെന്നും ശ്രീ മോദി അഭിപ്രായപ്പെട്ടു. യുവ ജനങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള മറ്റൊരു വേദിയാണ് സ്മാർട്ട് ഇന്ത്യ ഹാക്കത്തോൺ എന്നും ആശയങ്ങൾ പ്രവർത്തനങ്ങളിലേക്ക് വഴിമാറുന്ന മാധ്യമമാണിതെന്നും അദ്ദേഹം വ്യക്തമാക്കി.

സ്വദേശിയോടുള്ള ജനങ്ങളുടെ ആവേശം പ്രകടമായതിൽ പ്രധാനമന്ത്രി സംതൃപ്തി പ്രകടിപ്പിച്ചു. ഒരു ഇന്ത്യക്കാരൻറെ വിയർപ്പും ഇന്ത്യൻ മണ്ണിൻറെ സുഗന്ധവും വഹിക്കുന്ന സാധനങ്ങൾ മാത്രമാണ് ആളുകൾ വാങ്ങുന്നതെന്ന് അദ്ദേഹം പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

RNU TVPM

ന്യൂമോണിയ, യുടിഐ തുടങ്ങിയ പല രോഗങ്ങൾക്കും ആൻറിബയോട്ടിക്കുകൾ ഫലപ്രദമാകുന്നില്ലെന്ന ഐസിഎംആർ റിപ്പോർട്ടിൽ പ്രധാനമന്ത്രി ആശങ്ക പ്രകടിപ്പിച്ചു. ഡോക്ടറുടെ നിർദ്ദേശ പ്രകാരം മാത്രമേ ആൻറിബയോട്ടിക്കുകൾ ഉപയോഗിക്കാവൂ എന്ന് അദ്ദേഹം നിർദ്ദേശിച്ചു. തമിഴ് ഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിനായി രാജ്യത്ത് തുടർച്ചയായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു.

പുതിയ പ്രതീക്ഷകളോടും പുതിയ പ്രതിജ്ഞകളോടും കൂടി 2026 ൽ രാജ്യം മുന്നോട്ട് പോകാൻ തയ്യാറാണെന്ന് ശ്രീ മോദി പറഞ്ഞു. വികസിത ഭാരതത്തിൻറെ പൂർത്തീകരണത്തിലേക്കുള്ള യാത്രയിൽ 2026 ഒരു പ്രധാന നാഴികക്കല്ലായിരിക്കുമെന്ന് പ്രധാനമന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു. എല്ലാവരും ഫിറ്റ് ഇന്ത്യ പ്രസ്ഥാനത്തിൽ പങ്കു ചേർന്ന് ആരോഗ്യം സംരക്ഷിക്കണമെന്ന് അഭ്യർത്ഥിച്ച പ്രധാനമന്ത്രി രാജ്യത്തെ ജനങ്ങൾക്ക് പുതുവത്സരാശംസകളും നേർന്നു.

(ഹോൾഡ്-വോയ്സ്-ആശംസ)

**************

## ഉപരാഷ്ട്രപതി- സന്ദർശനം

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ നാളെ വൈകിട്ട് തിരുവനന്തപുരത്ത് എത്തും. രാത്രി 7.20 ന് പാളയം എൽ. എം. എസിൽ നടക്കുന്ന ട്രിവാൻഡ്രം ഫെസ്റ്റിൽ മുഖ്യാതിഥിയായി പങ്കെടുക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സ്നേഹസന്ദേശം നൽകും. മറ്റന്നാൾ വർക്കല ശിവഗിരിയിൽ 93-ാമത് ശിവഗിരി സമ്മേളനം ഉദ്ഘാടനം ചെയ്യും. തുടർന്ന് നാലാഞ്ചിറ മാർ ഇവാനിയോസ് കോളേജിൻറെ പ്ലാറ്റിനം ജൂബിലി സമാപന ചടങ്ങിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

**************

## ഉപരാഷ്ട്രപതി-ഗതാഗത നിയന്ത്രണം

ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ നാളെയും മറ്റെന്നാളും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.

നാളെ ഉച്ചയ്ക്ക് 2.30 മുതൽ രാത്രി 8.30 വരെയും മറ്റെന്നാൾ രാവിലെ 6 മണി മുതൽ ഉച്ചയ്ക്ക് രണ്ട് മണി വരെയുമാണ് ഗതാഗത നിയന്ത്രണങ്ങളുള്ളത്. നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള പ്രധാന റോഡുകളിലും സമീപമുള്ള ഇടറോഡുകളിലും വാഹനങ്ങൾ പാർക്ക്

RNU TVPM

ചെയ്യാൻ പാടില്ല. വിമാനത്താവളത്തിലേക്കും, റെയിൽവെ സ്റ്റേഷനിലേക്കും വരുന്ന യാത്രക്കാർ മുൻകൂട്ടി യാത്രകൾ ക്രമീകരിക്കണം.

**************

## പി എം - ചീഫ് സെക്രട്ടറി

ന്യൂഡൽഹിയിൽ നടക്കുന്ന ചീഫ് സെക്രട്ടറിമാരുടെ അഞ്ചാമത് ദേശീയ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നും അധ്യക്ഷത വഹിച്ചു. ഈ മാസം 26 നാണ് മൂന്ന് ദിവസത്തെ സമ്മേളനം ആരംഭിച്ചത്. ഘടനാപരവും സുസ്ഥിരവുമായ സംഭാഷണങ്ങളിലൂടെ കേന്ദ്ര-സംസ്ഥാന പങ്കാളിത്തം ശക്തിപ്പെടുത്തുകയാണ് സമ്മേളനത്തിൻറെ ലക്ഷ്യം.

**************

## ഇന്ത്യൻ ചരിത്ര കോൺഗ്രസ്

എൺപത്തി നാലാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസിന് തലശ്ശേരി ഗവൺമെൻറ് ബ്രണ്ണൻ കോളേജിൽ തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ആധുനികകാലത്ത് ചരിത്ര കോൺഗ്രസിന് പ്രത്യേകത ഏറെയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇതുവരെ നടന്ന ചരിത്ര കോൺഗ്രസിന് കേരളത്തിന് വലിയ തോതിലുള്ള സംഭാവനകൾ നൽകാൻ സാധിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നായി ആയിരത്തോളം പ്രതിനിധികളാണ് ചരിത്ര കോൺഗ്രസിൽ പങ്കെടുക്കുന്നത്.

RNUTVPM

**************

## സ്റ്റാന്റിങ് കമ്മിറ്റി തിരഞ്ഞെടുപ്പ്

അധ്യക്ഷൻ/ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പ് പൂർത്തിയായ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വിവിധ സ്റ്റാന്റിങ് കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് അടുത്തമാസം 05 മുതൽ 07 വരെ തീയതികളിൽ നടത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു. ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിൽ നാലും ജില്ലാ പഞ്ചായത്തിൽ 5 ഉം മുനിസിപ്പാലിറ്റികളിൽ 6 ഉം കോർപ്പറേഷനുകളിൽ 8 ഉം സ്റ്റാന്റിംഗ് കമ്മിറ്റികളാണ് രൂപീകരിക്കേണ്ടത്.

**************

## ശബരിമല -കാനനപാത (ഇൻട്രോ)

മണ്ഡലകാലം ആരംഭിച്ചതു മുതൽ, നടയടച്ച ശനിയാഴ്ച വരെ പരമ്പരാഗത കാനന പാതയായ സത്രം പുല്ലുമേട്ടിലൂടെ സന്നിധാനത്തേക്ക് കടന്നുപോയത് ഒരു ലക്ഷത്തി

31 ആയിരത്തി 209 തീർഥാടകർ. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 76,400 തീർഥാടകരാണ് പരമ്പരാഗത പാതയിലൂടെ സഞ്ചരിച്ചത്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ............**

(വോയ്സ്)

**************

## എസ് ഐ ആർ

കേരളത്തിൽ കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. voters.eci.gov.in,ceo.kerala.gov.in വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്.

**************

## പക്ഷിപ്പനി

ആലപ്പുഴ ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ പ്രഭവ കേന്ദ്രത്തിൽ നിന്ന് 10 കിലോമീറ്റർ ചുറ്റളവിൽ വരുന്ന പത്തനംതിട്ട ജില്ലയിലെ തിരുവല്ല താലൂക്കിലെ നിരണം, കടപ്ര, പെരിങ്ങര പഞ്ചായത്തുകളിൽ വളർത്തുപക്ഷികളുടെ മുട്ട, ഇറച്ചി, കാഷ്ഠം വിൽപനയും ഉപയോഗവും നിരോധിച്ചു. ഏഴ് ദിവസത്തേക്കാണ് നിരോധനം.

**************

## വനിതാ ക്രിക്കറ്റ്

ഇന്ത്യ- ശ്രീലങ്ക വനിതാ ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം അല്പസമയത്തിനകം തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കും. വൈകുന്നേരം ഏഴിനാണ് മത്സരം. ടോസ് നേടിയ ശ്രീലങ്ക ഇന്ത്യയെ ബാറ്റിങ്ങിനയച്ചു. അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ 3-0 ത്തിന് മുന്നിലാണ്. അഞ്ചാം മത്സരം ചൊവ്വാഴ്ച നടക്കും.

**************

## കോഴിക്കോട് -കയാക്കിങ് മത്സരം.

ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിവലിൻറെ മൂന്നാം ദിനം നടന്ന വിവിധ മത്സരങ്ങൾ പങ്കാളിത്തം കൊണ്ടും സഹസികത കൊണ്ടും ശ്രദ്ധേയമായി. ഫെസ്റ്റിന്റെ ഭാഗമായി നടന്ന കയാക്കിങ് മത്സരത്തിൽ 67 കയാക്കർമാർ വിവിധ വിഭാഗങ്ങളിലായി മാറ്റുരച്ചു. ചാലിയത്ത് നിന്നും ബേപ്പൂരിലേക്ക് നടന്ന മാരത്തോൺ KM സച്ചിൻദേവ് MLA ഫ്ലാഗ് ഓഫ് ചെയ്തു.

**************

RNU TVPM

## സർഗോത്സവം

പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻൻഷ്യൽ സ്കൂൾ വിദ്യാർഥികളുടെ സംസ്ഥാനതല കലാമേള - സർഗോത്സവം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. 22 മോഡൽ റസിഡൻൻഷ്യൽ സ്കൂളിലെയും 120 ഹോസ്റ്റലുകളിലെയും 1500 ലധികം വിദ്യാർഥികളാണ് കലാമേളയിൽ പങ്കെടുക്കുന്നത്.. പട്ടികവർഗ സമൂഹത്തിലെ പരമ്പരാഗത ഗാനങ്ങളും നൃത്തങ്ങളും ഉൾപ്പ്ടെ 31 ഇനങ്ങളിലാണ് മത്സരം. ഈ മാസം 30 വരെ ആണ് കലോത്സവം.

**************

********

***

RNU TVPM